**KANNUR UNIVERSITY**

**ഭരണവിഭാഗം**

നം. അഡ്മിൻ/ എഡി എ3/19072/2018 താവക്കര ക്യാമ്പസ്, തീയതി: 20 -05-2022

**വിജ്ഞാപനം**

സർവ്വകലാശാലാ പബ്ലിക്ക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ/ കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| തസ്തിക | : | പബ്ലിക്ക് റിലേഷൻസ് ഓഫീസർ | |
| ഒഴിവ് | : | ഒന്ന് | |
| നിയമന രീതി | : | ഡെപ്യൂട്ടേഷൻ / കരാർ നിയമനം | |
| നിയമന കാലാവധി | : | പി.എസ്.സി. മുഖേന സ്ഥിരം നിയമനം/ പുതിയ വിജ്ഞാപനം മുഖേന പകരം നിയമനം അല്ലെങ്കിൽ പരമാവധി ഒരു വർഷം വരെ ഇതിൽ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ | |
| അടിസ്ഥാന യോഗ്യത | : | ഡെപ്യൂട്ടേഷൻ നിയമനം | സംസ്ഥാന സർക്കാർ സർവ്വീസിലോ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലോ പബ്ലിക്ക് റിലേഷൻസ് ഓഫീസർ/ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ് |
| | : | കരാർ നിയമനം | 1. ജേർണലിസം/ മാസ് കമ്മ്യൂണിക്കേഷൻ എന്നിവയിലെ ബിരുദാനന്തര ബിരുദം അഥവാ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും ജേർണലിസം/ മാസ് കമ്മ്യൂണിക്കേഷൻ/ പബ്ലിക്ക് റിലേഷൻസിൽ ഡിപ്ലോമയും.<br>2. സർക്കാർ അംഗീകാരം/രജിസ്ട്രേഷൻ ഉള്ള മാധ്യമ സ്ഥാപനങ്ങളിൽ നിന്നും മാധ്യമ രംഗത്തെ 3 വർഷത്തെ പ്രവർത്തി പരിചയം അഥവാ സർക്കാർ/ അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങളിൽ പി.ആർ. പ്രൊഫഷണലായുള്ള പ്രവർത്തി പരിചയം. |
| അപേക്ഷ സമർപ്പിക്കേണ്ട രീതി | : | ഡെപ്യൂട്ടേഷൻ നിയമനം | കെ.എസ്.ആർ 144 അനുസരിച്ചുള്ള പ്രഫോർമ, ബയോഡാറ്റ, ജോലി ചെയ്യുന്ന സ്ഥാപന മേലധികാരിയിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഉചിതമാർഗ്ഗേണയുള്ള അപേക്ഷ താഴെ ചേർത്തിരിക്കുന്ന വിലാസത്തിൽ സമർപ്പിച്ചിരിക്കണം. |
| | : | കരാർ നിയമനം | എ4 സൈസ് പേപ്പറിൽ തയ്യാറാക്കിയ വിശദമായ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, എന്നിവ സഹിതം അപേക്ഷ താഴെ ചേർത്തിരിക്കുന്ന വിലാസത്തിൽ സമർപ്പിച്ചിരിക്കണം. |
| കാറ്റഗറി | : | ഓപ്പൺ (കരാർ നിയമനത്തിന് മാത്രം ബാധകം) | |
| പ്രായ പരിധി | : | 20-45 (01-01-2022 ന് 45 വയസ്സിൽ കൂടാൻ പാടുള്ളതല്ല)<br>(കരാർ നിയമനത്തിന് മാത്രം ബാധകം) | |
| വേതനം | : | ഡെപ്യൂട്ടേഷൻ നിയമനം | അനുബന്ധ ചട്ടപ്രകാരം മാതൃ തസ്തികയിലെ വേതനം |
| | | കരാർ നിയമനം | പ്രതിമാസം 40,000/- രൂപ സഞ്ചിത വേതനം |

- കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ പ്രസ്തുത കോഴ്സിന് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ലഭിച്ച തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതകളുടെ തുല്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു അറിയിപ്പും നൽകാതെ നിരസിക്കുന്നതാണ്.
- സമർപ്പിക്കപ്പെട്ട അപേക്ഷകളും, പ്രവർത്തി പരിചയവും പരിശോധിച്ച് യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവർത്തി പരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പൂർണ്ണ അധികാരം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്
- അപേക്ഷ അയക്കുന്ന കവറിന് മുകളിൽ " **20 -05-2022 തിയതിയിലെ അഡ്മിൻ/ എഡി എ3/19072/2018 നമ്പർ വിജ്ഞാപന പ്രകാരം പബ്ലിക്ക് റിലേഷൻസ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനത്തിനായുള്ള അപേക്ഷ**" എന്ന് എഴുതിയിരിക്കണം.

| | | |
|---|---|---|
| **അപേക്ഷ സമർപ്പിക്കേണ്ട വിലാസം** | : | **രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല, താവക്കര ക്യാമ്പസ്, പി.ഒ. സിവിൽ സ്റ്റേഷൻ, കണ്ണൂർ - 670002** |
| **അപേക്ഷ ലഭിക്കേണ്ട അവസാന തിയതി** | : | **03 -06-2022 ന് വൈകിട്ട് അഞ്ച് മണിക്ക് മുൻപ്.** |

Sd/-

**രജിസ്ട്രാർ**

To

1. IT Director (for posting in the University website)
2. Public Relations Officer (for arranging Press Release)
3. Notice Board